നമ്പർ ക്യു.ഐ.പി.2/13419/2020/ഡി.ജി.ഇ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 26-08-2020

# സർക്കുലർ

വിഷയം:- പൊ.വി.- 2020-21- കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കുമായി കോവിഡ് കാലത്തെ അനുഭവങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന ചിത്രരചന-നേർക്കാഴ്ച' പദ്ധതി - ചിത്രരചനകൾ സമർപ്പിക്കേണ്ട അവസാന തീയതികൾ സംബന്ധിച്ച്.

സൂചന:- 24.08.2020 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ

കോവിഡ് കാലത്തെ പഠനാനുഭവങ്ങളെയും ജീവിതാനുഭവങ്ങളെയും അടിസ്ഥാനമാക്കി കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കുമായി പൊതുവിദ്യാഭ്യാസ വകുപ്പ് **നേർക്കാഴ്ച** എന്ന പേരിൽ ഒരു ചിത്രരചന മത്സരം നടപ്പിലാക്കുന്നതായി അറിയിച്ചുകൊണ്ട് സൂചന പ്രകാരം സർക്കുലർ നൽകിയിരുന്നു. ആയതുമായി ബന്ധപ്പെട്ട് രചനകൾ വിവിധ തലങ്ങളിൽ സമർപ്പിക്കേണ്ട അവസാന തീയതികൾ ചുവടെ ചേർക്കുന്നു.

1. വീടുകളിൽ വരയ്ക്കുന്ന ചിത്രങ്ങൾ ക്ലാസ്സ് അദ്ധ്യാപകന് ലഭ്യമാക്കേണ്ട അവസാന തീയതി-**09.09.2020**
2. ക്ലാസ്സ് അദ്ധ്യാപകന് ലഭിച്ച സൃഷ്ടികൾ സ്കൂൾ ഗ്രൂപ്പിൽ പങ്കിടുന്നതിനുള്ള അവസാന തീയതി-**14.09.2020**
3. സ്കൂളുകളിൽ നിന്ന് ലഭിച്ച മികച്ച സൃഷ്ടികൾ സ്കൂൾ വിക്കിയിലേയ്ക്ക് പോസ്റ്റ് ചെയ്യുന്നതിനുള്ള അവസാന തീയതി-**16.09.2020**
4. സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുത്ത മികച്ച രചനകൾ ബി.ആർ.സി.കളിൽ ലഭ്യമാക്കുന്നതിനുള്ള അവസാന തീയതി-**17.09.2020**
5. ബി.ആർ.സി. തല വിലയിരുത്തൽ സമിതി ചേർന്ന് മികച്ച മൂന്ന് സൃഷ്ടികൾ തെരഞ്ഞെടുത്ത് ജില്ലാ പ്രോജക്ട് കോർഡിനേറ്റർക്ക് ലഭ്യമാക്കുന്നതിനുള്ള അവസാന തീയതി-**23.09.2020**
6. ജില്ലാതല വിലയിരുത്തൽ സമിതി ചേർന്ന് മികച്ച അഞ്ച് സൃഷ്ടികൾ എസ്.എസ്.കെ സംസ്ഥാനതല ഓഫീസിന് കൈമാറാനുള്ള അവസാന തീയതി -**25.09.2020**

സന്തോഷ്. സി.എ
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

സ്വീകർത്താവ്
1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡി.മാർക്കും (എച്ച്.എസ്സ്.എസ്സ്.വിഭാഗം)
3. എല്ലാ എ.ഡി.മാർക്കും (വി.എച്ച്.എസ്സ്.ഇ. വിഭാഗം)